# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 107 — 26.02.2018 ൽ മറുപടിക്ക്

### കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നുവെന്ന പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നുവെന്ന പരാതി വ്യാപകമായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) ഇത് സംബന്ധിച്ച് സമൂഹമാധ്യമങ്ങളിൽ വ്യാജപ്രചരണം നടത്തുന്നത് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് അമ്മമാർക്ക് ആശങ്ക ഉളവാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് സമൂഹമാധ്യമങ്ങളിൽ നടക്കുന്നത് വ്യാജപ്രചരണമാണെന്നും ആശങ്കപ്പെടേണ്ടതില്ലെന്നും പൊതു ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുന്നുണ്ട്. |
| (സി) കുട്ടികളെ തട്ടിക്കൊണ്ടുപോകുവാൻ ശ്രമിച്ചുവെന്ന പേരിൽ നിരപരാധികളായ ഇതരസംസ്ഥാനക്കാർ വ്യാപകമായി ആക്രമിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) മലപ്പുറം ജില്ലയിൽ പൊന്നാനി നഴ്സിംഗ് ഹോമിനടുത്ത് വച്ച് 10 ഓളം പേർ ചേർന്ന് കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന ആളാണെന്നു പറഞ്ഞ് ഇതര സംസ്ഥാനക്കാരനായ 65 വയസ്സുള്ള ദേവനാരായണൻ എന്നയാളെ മർദ്ദിച്ച് അവശനാക്കി എന്ന കാര്യത്തിന് പൊന്നാനി താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസറുടെ പരാതി പ്രകാരം പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 55/18 U/s 143, 147, 342, 323, 308, r/w 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | നിയമം കയ്യിലെടുക്കുന്നവരെയും, വ്യാജപ്രചരണം നടത്തുന്നവരെയും കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുമോ? | (ഡി) | ഇത്തരം സംഭവങ്ങൾക്കെതിരെ പോലീസ്, സാമൂഹ്യമാധ്യമങ്ങളിലൂടെ ബോധവത്ക്കരണം നടത്തുകയും, കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ